പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# തൊഴിലുറപ്പ് പദ്ധതിത്തൊഴിലാളികൾക്കുള്ള വേതനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2978

20.06.2014 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം.

| ശ്രീ. എ.കെ. ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ സംസ്ഥാനത്ത് 2866800 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് വർഷത്തിൽ എത്ര ദിവസമാണ് തൊഴിൽ നൽകുന്നത്; ഇത് കുറയ്ക്കാനോ, കൂട്ടാനോ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | 2006 ലെ പട്ടിക വർഗ്ഗവിഭാഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (എഫ്.ആർ.എ) ഗുണഭോക്താക്കളായ പട്ടികവർഗ്ഗക്കാർക്ക് വർഷത്തിൽ 150 ദിവസവും മറ്റു വിഭാഗക്കാർക്ക് 100 ദിവസവും തൊഴിൽ നല്കുന്നതിനാണ് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൽ മാറ്റം വരുത്താൻ നാളിതുവരെ തീരുമാനിച്ചിട്ടില്ല. ഇതു സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്. |
| (സി) | തൊഴിലാളികൾക്ക് നൽകിവരുന്ന വേതനം എത്ര രൂപയാണ്; ഈ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് സർക്കാർ നിലപാടെന്ന് വ്യക്തമാക്കുമോ; | (സി) | 01.04.2014 മുതൽ കേരളത്തിലെ വേതന നിരക്ക് 212 രൂപയാണ്. വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരാണ് തീരുമാനമെടുക്കേണ്ടത്. |
| (ഡി) | തൊഴിലെടുക്കുന്നവർക്കുള്ള വേതനം എത്ര ദിവസത്തിനകമാണ് നൽകേണ്ടതെന്നും ഈ ദിവസപരിധിക്കുള്ളിൽ എല്ലാ പേർക്കും വേതനം നൽകുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവർക്ക് 15 ദിവസത്തിനകം വേതനം നൽകേണ്ടതാണ്. എല്ലാ തൊഴിലാളികൾക്കും 15 ദിവസത്തിനകം വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ